പരിസ്ഥിതി സൗഹൃദ ഭവനനിർമ്മാണ പദ്ധതി

129 (1955) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സൗഹൃദ ഭവനനിർമ്മാണ പദ്ധതിയ്ക്കായി എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത് ;

(ബി) പദ്ധതിയിൽ ഏത് തരത്തിലുള്ള നിർമ്മാണ സാമഗ്രികളാണ് ഉപയോഗിക്കുവാൻ തീരുമാനിച്ചിട്ടുള്ളത് ; ഇത്തരത്തിൽ എത്ര വീടുകളാണ് ആദ്യഘട്ടത്തിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പദ്ധതിയിൽ ഗുണഭോക്താക്കളെ ഏത് രീതിയിൽ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ;

(ഡി) സംസ്ഥാനത്ത് നിർമ്മിക്കുന്ന വീടുകൾ, ഫ്ലാറ്റുകൾ, സർക്കാർ ഓഫീസുകൾ എന്നിവ എത്രമാത്രം പരിസ്ഥിതി സൗഹൃദമാണെന്ന പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ഇ) നിർമ്മിതികൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിന് എന്തെല്ലാം തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) പഠനം നടത്തിയിട്ടില്ല.

(ഇ) നിർമ്മിതി കേന്ദ്രങ്ങൾ മുഖേന ചെലവ് കുറഞ്ഞതും പരിസ്ഥിതിക്കിണങ്ങിയതുമായ കെട്ടിട നിർമ്മാണ ശൈലി പ്രചരിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്തുവരുന്നു. പരിസ്ഥിതി സൗഹൃദ നിർമ്മിതികളിൽ പൊതുജനങ്ങൾക്ക് അവബോധം ഉണ്ടാക്കുന്നതിനായി വിവിധ പരിശീലന പരിപാടികൾ നടത്തുന്നതോടൊപ്പം പരിസ്ഥിതി സൗഹൃദ സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിവരികയും ചെയ്യുന്നു. കൂടാതെ നിർമ്മാണ കേന്ദ്രങ്ങളുടെ ഉല്പാദന കേന്ദ്രങ്ങളും നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly